ഫോറൻസിക്
---------------------
ത്രില്ലറുകൾക്ക്, അതിപ്പോൾ ചെറുകഥകൾ ആയോ, നോവലുകളായോ, ചലച്ചിത്രങ്ങൾ ആയോ ഏത് രൂപത്തിൽ വന്നാലും എല്ലാകാലത്തും വലിയ സ്വീകാര്യതയുണ്ടായിട്ടുണ്ട് പ്രത്യേകിച്ച് കുറ്റാന്വേഷണ ത്രില്ലറുകൾക്ക്... മറ്റു ഭാഷ ചിത്രങ്ങളുമായോ വിദേശചിത്രങ്ങളുമായോ താരതമ്യം ചെയ്യുമ്പോൾ, എണ്ണത്തിൽ വളരെ കുറവാണെങ്കിലും ത്രില്ലർ ഴോണറിലേക്കു ഒരു പിടി നല്ല ചിത്രങ്ങൾ മലയാള ചലച്ചിത്രലോകത്തു നിന്നും ഉണ്ടായിട്ടുണ്ട്... ഈ കണ്ണികൂടി, യവനിക, കരിയിലകാറ്റുപോലെ, മുഖം, സിബിഐ സീരീസുകൾ മുതൽ ഗ്രാൻഡ്മാസ്റ്ററും മെമ്മറീസും ദൃശ്യവും കടന്നു അഞ്ചാം പാതിരയിൽ എത്തിയപ്പോൾ ത്രില്ലർ സിനിമകളോടുള്ള മലയാളിപ്രേക്ഷകന്റെ ആവേശം അതിന്റെ ഏറ്റവും ഉയരങ്ങളിൽ എത്തിയിരിക്കുന്നു... ആ കൂട്ടത്തിലേക്കു ചേർത്ത് വയ്ക്കാവുന്ന ഏറ്റവും പുതിയ ചിത്രം ആണ് ഫോറൻസിക്...

തന്റെ വളരെ ചെറിയ പ്രായത്തിൽ തന്നെ, പ്രേക്ഷകപ്രീതി നേടിയ സെവൻത് ഡേ എന്ന ചിത്രത്തിന്റെ തിരക്കഥ എഴുതികൊണ്ട് ചലച്ചിത്രലോകത്തിലേക്കു ചുവടു വച്ച അഖിൽ പോൾ ആണ് അനസ് ഖാനുമായി ചേർന്നു ഈ ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്...

പ്രേക്ഷകനെ സിനിമാകൊട്ടകയിലെ കസേരയുടെ തുമ്പിൽ ഇരുത്തി ഉദ്വെഗജനകമായി കഥ പറയുന്ന ഒരു ചിത്രമൊരുക്കുക എന്നത് ശ്രമകരമായ ദൗത്യം ആണ്, പ്രത്യേകിച്ച് ലോകത്തെവിടെയും സൃഷ്ടിക്കപ്പെടുന്ന സിനിമകൾ പ്രേക്ഷകന്റെ വിരൽ തുമ്പിൽ ലഭ്യമായിട്ടുള്ള ഈ കാലത്ത്...എന്നാൽ ഒരു പരിധി വരെ അതിൽ വിജയിച്ചിട്ടുണ്ട് സൃഷ്ടാക്കൾ... വളരെ ഉദ്വെഗജനകമായ ആദ്യ പകുതിയും അല്പസ്വല്പം പ്രവചനീയമായ രണ്ടാം പകുതിയുമായി തരക്കേടില്ലാത്ത തീയേറ്റർ അനുഭവം ആകുന്നുണ്ട് ഫോറൻസിക്...

ഫോറൻസിക് സയൻസ് എന്നത് കുറ്റാന്വേഷണങ്ങളിൽ ക്രിമിനലുകൾക്കെതിരെ തെളിവുകൾ കണ്ടെത്താൻ പോലീസിനെ സഹായിക്കാനും പോലീസ് കണ്ടെത്തിയ തെളിവുകൾ ശാസ്ത്രീയമായി പരിശോധിച്ച് സസൂക്ഷ്മം നിരീക്ഷിച്ചു വ്യക്തത വരുത്തുവാനും ഉള്ള വിഭാഗമാണ്... ഇതുവരെ ഇറങ്ങിയിട്ടുള്ള ചിത്രങ്ങളിൽ ഫോറൻസിക് വിഭാഗം പോലീസ് അതി സമർത്ഥമായി കണ്ടെത്തുന്ന തെളിവുകളെ ശാസ്ത്രീയമായി ബലപ്പെടുത്തുന്ന ഒരു ചെറിയ ഭാഗം മാത്രം ആയിരുന്നെങ്കിൽ, ഈ ചിത്രം കൂടുതൽ വിശദമായി അത് ചർച്ച ചെയ്യുകയുകയും പ്രേക്ഷകർക്ക് പരിചിതം അല്ലാത്ത കുറച്ച് പുതിയ അറിവുകൾ പകർന്നു നല്കുകുന്നുമുണ്ട്...വളരെ ബാലിശമായി ചിത്രീകരിച്ചിരുന്ന, ജോസ് പ്രകാശിന്റെ ഗുണ്ടാ സങ്കേതത്തെ വെല്ലുന്ന ഫോറൻസിക് ലാബുകൾ അടക്കി ഭരിച്ചിരുന്ന മലയാള സിനിമയ്ക്ക് പുതിയ ഒരു അനുഭവവും ആശ്വാസവും ആണ് ഇതിലെ ലബോറട്ടറി രംഗങ്ങൾ...

തിരുവനതപുരം നഗരത്തിൽ ഒരേ രീതിയിൽ തുടരെ തുടരെ കുട്ടികളെ കാണാതാവുകയും ആ കുട്ടികൾ ക്രൂരമായി കൊല്ലപ്പെടുന്നതും , ആ കൊലപാതക പാരമ്പരകൾക്കു പിന്നിലെ നിഗൂഢത നീക്കി ക്രൂരൻ ആയ കൊലപാതകിയെ പുറത്ത് കൊണ്ടുവരുന്നതും ആണ് ചിത്രത്തിന്റെ പ്രമേയം... ഫോറൻസിക് വിദഗ്ദ്ധൻ ആയ സാമുവൽ ജോൺ കാട്ടുകാരൻ എന്ന

കഥാപാത്രമായി ടോവിനോയും റിതിക എന്ന പോലീസ് ഉദ്യോഗസ്ഥയായി മംമ്ത മോഹൻദാസും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു...എടുത്തു പറയത്തക്ക വെല്ലുവിളികൾ ഉയർത്തുന്ന കഥാപാത്രങ്ങൾ അല്ല എങ്കിലും മോശം ആക്കാതെ അവതരിപ്പിച്ചിട്ടുണ്ട്... പോലീസിനെ പല കേസുകളിലും സഹായിക്കുന്ന ഡോക്ടർ അൽഫോൻസ് കുര്യനായി എത്തുന്ന ജിജു ജോൺ ശരാശരി പ്രകടനം ആണ് കാഴ്ചവയ്ക്കുന്നത്.. റെബേക്കയും സൈജു കുറുപ്പും രഞ്ജി പണിക്കരും മറ്റു പ്രധാന വേഷങ്ങൾ കൈകാര്യം ചെയ്യുന്നു..

സഹതാരങ്ങളിൽ ചിലരുടെ കൃത്രിമത്വം കലർന്ന പ്രകടനങ്ങളും, തിരക്കഥയിലെ പഴുതുകളും രണ്ടാം പകുതിയിലെ പ്രവചനീയതയും, സൈക്കോ കില്ലറുടെ നെടുനീളൻ പൂർവകാല ചരിത്രവും ഒക്കെ കല്ലുകടി ആവുന്നുണ്ടെങ്കിലും പ്രേക്ഷകനെ മുഷിപ്പിക്കാതെ ഉള്ള ചടുലമായ അവതരണം കൊണ്ട് അതിനെ ഒക്കെ മറികടക്കാൻ ചിത്രത്തിനാവുന്നുണ്ട്... കുറ്റവാളിയെ കണ്ടുപിടിക്കാൻ പ്രേക്ഷകന് അവസരം കൊടുക്കുകയും, എന്നാൽ പിടികൊടുക്കാതെ തുടരെ തുടരെ പലരെയും സംശയത്തിന്റെ മുന്നിൽ നിർത്തുകയും ചെയ്യുന്നത് രസം ജനിപ്പിക്കുന്നുണ്ടെങ്കിലും കുറ്റവാളിയെ കണ്ടെത്തിയ ശേഷം ഉള്ള കഥ പറച്ചിൽ ചിത്രത്തിന്റെ വേഗതയെ ബാധിക്കുന്നുണ്ട്... രണ്ടാം പകുതിയോടെ കണ്ടു പരിചയിച്ച പതിവ് ത്രില്ലർ വഴികളിലേക്ക് എത്തിച്ചേരുന്നുണ്ട് ചിത്രം...

ചിലയിടങ്ങളിൽ ഉച്ചസ്ഥായിയിൽ ഉള്ള ശബ്ദകോലാഹലങ്ങൾ തെല്ലൊരു അലോസരം ഉണ്ടാക്കുന്നുണ്ടെങ്കിലും പ്രേക്ഷകനെ ചിത്രത്തിലേക്ക് ഇഴുകി ചേർക്കുന്നതിൽ, ജെയ്ക്സ് ബിജോയിയുടെ പശ്ചാത്തല സംഗീതം വഹിക്കുന്ന പങ്ക് എടുത്തു പറയേണ്ടതാണ്... ഒപ്പം അഖിൽ ജോർജിന്റെ ക്യാമറയിലൂടെ ഉള്ള കാഴ്ചകളും... കഥാഗതിക്കും കഥാപാത്രങ്ങളുടെ സാഹചര്യങ്ങൾക്കും ചിത്രത്തിന്റെ മൂഡിനും അനുസൃതമായി അതിമനോഹരമായി ഒരുക്കിയിരിക്കുന്ന വിഷ്വൽസ് ചിത്രത്തിനെ പലയിടങ്ങളിലും രക്ഷിച്ചെടുക്കുന്നുണ്ട്...

കുറവുകൾ ഉണ്ടെങ്കിലും ഒരു മോശം ചിത്രം അല്ല ഫോറൻസിക്... അടുത്തിറങ്ങിയ, മികച്ച പ്രേക്ഷകാഭിപ്രായം നേടിയ അഞ്ചാം പാതിരയോളം ഇല്ലെങ്കിലും ഒരു തവണ മുഷിപ്പില്ലാതെ കാണാവുന്ന ചിത്രം ആണ് ഫോറൻസിക്...

By Arjun Anand